## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4404 — 25-10-2016-ൽ മറുപടിയ്ക്ക്

### ലോട്ടറി

| | ചോദ്യം<br><br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ടി. ബൽറാം | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി ഏതെങ്കിലും ലോട്ടറി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 23/08/2016 ലെ G.O.(MS) No. 85/2016/TD ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'നിർമ്മൽ' എന്ന പേരിൽ പുതുതായി ഒരു ബൈ വീക്കിലി ലോട്ടറി ആരംഭിച്ചിട്ടുണ്ട്. 100/- രൂപ മുഖവിലയുള്ള പ്രസ്തുത ബൈ വീക്കിലി ലോട്ടറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നടത്തുന്നതാണ്. ടി ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 07/10/2016 ന് നടത്തുകയുണ്ടായി. ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം ആരംഭിച്ചിട്ടുള്ള നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്. |
| (ബി) | ലോട്ടറി നടത്തിപ്പ് സംബന്ധിച്ചുള്ള കേന്ദ്ര നിയമ പ്രകാരം നടത്താവുന്ന ലോട്ടറികളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ; | (ബി) | 2010-ലെ കേന്ദ്ര ലോട്ടറീസ് (റഗുലേഷൻ) റൂൾസിലെ, റൂൾ 3(6) പ്രകാരം ലോട്ടറി നടത്തുന്ന സംസ്ഥാനം ബമ്പർ നറുക്കെടുപ്പുകൾ ഒഴികെ വിവിധ സ്കീമുകളിലുള്ള നറുക്കെടുപ്പുകൾ ഒരു ദിവസത്തിൽ 24 എണ്ണത്തിൽ കൂടുതൽ നടത്താൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ഈ മാനദണ്ഡം സംസ്ഥാന സർക്കാർ പൂർണമായി പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഈ മാനദണ്ഡം പൂർണമായി പാലിച്ചുകൊണ്ടാണ് കേരളസംസ്ഥാനഭാഗ്യക്കുറി നറുക്കെടുപ്പുകൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ.